## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1705 11-02-2013-ലെ മറുപടിയ്ക്ക്**

### അഗ്രിസൂപ്പർ മാർക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻ നായർ . | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മുൻ ഗവൺമെന്റുകളുടെ കാലത്ത് സ്ഥാപിക്കപ്പെട്ട ആനയറ, മരട്, വേങ്ങേരി മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർ മാർക്കറ്റുകളുടെ നിലവാരത്തിലേക്ക് ഉയർത്തുമെന്ന് തന്നാണ്ടിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ; | (എ) ആനയറ, മരട്, വേങ്ങേരി മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർ മാർക്കറ്റുകളുടെ നിലവാരത്തിലേക്ക് ഉയർത്തണമെന്ന് ഈ ആണ്ടിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു |
| ബി) ഇതിനായി തയ്യാറാക്കപ്പെട്ട പദ്ധതിയുടെ മൊത്തം പ്രതിക്ഷിക്കുന്ന ചെലവ് എത്ര; ഭരണാനുമതി നൽകിയിട്ടുണ്ടോ; എപ്പോൾ; സാമ്പത്തിക അനുമതിയും ടെണ്ടറും ആയത് എപ്പോൾ; പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുണ്ടോ; എന്ത് തുക ഇതിനകം ചെലവഴിക്കുകയുണ്ടായി; | ബി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാനായി IIM-Kozhikode-നെ ഏല്പിച്ചിരിക്കുകയാണ്. അന്തിമ റിപ്പോർട്ട് കിട്ടിയാലുടൻ ഭരണാനുമതി നൽകി പദ്ധതി നിർവ്വഹണം ആരംഭിക്കാവുന്നതാണ്. ഇതിനായി ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. |
| (സി) അഗ്രി സൂപ്പർമാർക്കറ്റുകളായി ഇവ പ്രവർത്തിച്ചു തുടങ്ങിയത് എന്നു മുതൽ ? | (സി) അഗ്രി സൂപ്പർമാർക്കറ്റുകളായി ഇവ ഇതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. |

അണ്ടർസെക്രട്ടറി